# ചുവടുകൾ



GHSS.KALLIL.METHALA

# ആമുഖം

പ്രിയരേ,

ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഈ വർഷത്തെ ഡിജിറ്റൽ മാഗസിനാണ് ചുവടുകൾ. വിദ്യാർത്ഥികളുടെ ഭാവനകളും ചിന്തകളും ഒത്തിണങ്ങിയ രചനകളാണ് ഈ മാഗസിനിൽ ഉള്ളത്. ഈ സംരംഭത്തെ വിജയം ആക്കുവാൻ എല്ലാവരും വായിക്കുക, പ്രോത്സാഹിപ്പിക്കുക.



# ഹെഡ്മാസ്റ്റർ



ഗവൺമെൻറ് എച്ച് എസ് എസ് കല്ലിൽ സ്കൂളിലെ

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ

നേതൃത്വത്തിൽ നിർമ്മിക്കുന്ന

" ചുവടുകൾ" എന്ന ഡിജിറ്റൽ മാഗസിൻ

വിദ്യാർത്ഥികളുടെ

സ്വർഗ്ഗ ഭാവന കളെയും, ചിന്തകളെയും

ഉണർത്തുന്ന ഒന്നായി

മാറിയതിൽ അഭിമാനമുണ്ട്..........

ഈ സംരംഭം

ഭാവിയിലും

വിദ്യാർഥികളുടെ നിറമുള്ള ഞങ്ങൾ സ്വപ്നങ്ങൾ

സാക്ഷാത്കരിക്കുന്നതിനുള്ള

" ചുവടുകൾ" ആയി മാറട്ടെ

എന്ന് ആശംസിക്കുന്നു.. ......

സതീഷ് കുമാർ. ആർ

ഹെഡ്മാസ്റ്റർ

## അകത്താളുകളിലൂടെ

*സ്വപ്നം*.....5
*എൻറെ സ്വപ്നം*.....7
കാത്തിരിപ്പ്.....8
സ്വപ്ന് വീഥി.....11
കാത്തിരിപ്പ് .....13
സ്വപ്നം.....16
പോരാടാംലഹരിക്കെതിരെ.....17
സ്വപ്നം.....20
സ്വപ്നം.....22
കാത്തിരിപ്പ്.....25
തീരാത്ത ദുഃഖം , പുതു പ്രത്യാശ.....28
ഡിജിററൽ പൂക്കളം.....31
കഥകളി.....35
ജനറൽ നോളജ്.....36
അബ്ദുൾ കലാമിൻറെ തങ്ക ലിപികൾ.....39
20 ഗുണങ്ങൾ.....41
മിക്സഡ് വെജിററബിൾ സാലഡ്.....42
മഹാത്മാ ഗാന്ധി.....44
വേനലിൻ, ഒരു പുഴ.....46

# സ്വപ്നം

സഹോദരനുമായി വഴക്കിട്ട്
വഴക്കിട്ട് ഞാൻ
കരഞ്ഞ് കലർന്ന കണ്ണുമായി
പോയി കിടന്നു
സഹോദരന് മാത്രമേ അച്ഛൻ വസ്ത്രം
വാങ്ങിച്ചു കൊടുത്തോളൂ
കരഞ്ഞു കലർന്ന കണ്ണുമായി
ഞാൻ മയങ്ങിപ്പോയി
ഞങ്ങൾ കുടുംബം ഒത്ത ഒരു
യാത്ര പോയി
അപ്പോൾ അച്ഛൻ ഹോട്ടലിൽനിന്ന്
ആഹാരം വാങ്ങി തന്നു
പാവയെ വാങ്ങി തന്നു
ഞാൻ ചോദിച്ചത് എല്ലാം ഒരു മടിയും
കൂടാതെ വാങ്ങിത്തന്നു
അപ്പോൾ ഞാൻ ഓർത്തു
അപ്പോൾ അച്ഛൻറെ കയ്യിൽ പണം
ഇല്ലാത്തതുകൊണ്ടാണ്
വാങ്ങി തരാഞ്ഞത് എന്ന്
അങ്ങനെ ഞങ്ങൾ യാത്ര പോകുമ്പോൾ
വഴിയരികിൽ കുറച്ചു കുട്ടികൾ
വിശന്നുവലഞ്ഞ് ഭിക്ഷ യാചിക്കുന്നത്
ഞാൻ വഴിയരികിൽ കണ്ട കുട്ടികൾ
എൻറെ കയ്യിലിരുന്ന മിഠായിയും
അച്ഛൻറെ അടുക്കൽ നിന്ന് പണം വാങ്ങി
അവർക്ക് വയറുനിറയെ ഭക്ഷണം



വാങ്ങി കൊടുത്തു
ഞാൻ കണ്ട ഈ ഒരു സ്വപ്നത്തിലൂടെ
ഞാൻ അച്ഛനോടു അമ്മയോടോ
എനിക്ക് ഇന്നത് വേണം എന്ന് പറഞ്ഞു
ഞാൻ ബുദ്ധിമുട്ടിക്കുന്നില്ല......
ഞാൻ ബുദ്ധിമുട്ടിക്കുന്നില്ല......
നാമോരോരുത്തരും.....
നാമോരോരുത്തരും .....
അവരവരുടെ ബുദ്ധിമുട്ടുകൾ
അറിഞ്ഞു വേണം ജീവിക്കാൻ.....
അറിഞ്ഞു വേണം ജീവിക്കാൻ.....
നമ്മൾ ആരെയും വേദനിപ്പിക്കാൻപാടില്ല......
പാടില്ല......
തന്നെ വേദനിപ്പിച്ച ഒരു സ്വപ്നം
തന്നെ വേദനിപ്പിച്ച ഒരു സ്വപ്നം
കനലെരിയുന്ന സ്വപ്നം
കണ്ണുനിറയുന്ന സ്വപ്നം
കണ്ണുനിറയുന്ന സ്വപ്നം

***(സൈനബുൽ )***

# എൻെറ സ്വപ്നം




എനിക്ക് ഒരായിരം സ്വപ്നങ്ങളുണ്ട്
പറഞ്ഞു തീരാത്ത സ്വപ്നങ്ങൾ ഉണ്ട്
ആകാശത്തിൽ പാറി നടക്കണം
എന്നൊരു സ്വപ്നം
സ്വർഗ്ഗം എന്നൊരു പറുദീസായിൽ എത്തണം
എന്നൊരു സ്വപ്നം
ജീവിതത്തിൽ സ്വപ്നങ്ങൾക്കും ഉണ്ട് ഒരു
സ്ഥാനം
സ്വപ്നം ഇല്ലാത്തൊരു ജീവിതം വേണ്ടേ വേണ്ട
എനിക്ക് കാണാം സ്വപ്നങ്ങൾ
അതിമനോഹര സ്വപ്നങ്ങൾ
ജീവിതത്തിൽ സ്ഥാനം മാറ്റിയ പുത്തൻ പുതിയ സ്വപ്നങ്ങൾ
സ്വപ്നങ്ങൾ സ്വപ്നങ്ങൾ ബഹു സുന്ദര സ്വപ്നങ്ങൾ
എനിക്ക് എന്നും എൻറെ സ്വപ്നം അതിശ്രേഷ്ഠം
രാത്രിയിലും രാവിലും എപ്പോഴും സ്വപ്നം കാണാം
അങ്ങനെ ഒത്തിരി ഒത്തിരി സ്വപ്ന കുമ്പാരം
സ്നേഹ സ്വപ്ന സ്വപ്ന കുമ്പാരം
സ്വപ്നങ്ങൾക്ക് അതിരില്ല....
സ്വപ്നങ്ങൾക്ക് അതിരില്ല....
അങ്ങനെ ആർക്കും കാണാം
പുത്തൻ പുതിയ സ്വപ്നങ്ങൾ

(ജിയ ജെ ജോസഫ്)

# കാത്തിരിപ്പ്

മനോഹരമായ ഒരു നഗരം. ആ നഗരത്തിലെ ചെറിയ ഒരു ഗ്രാമം . ആ ഗ്രാമത്തിലൂടെ ഒഴുകുന്ന പുഴയാണ കബനി. കബനി പുഴയുടെ തീരത്തുള്ള ഒരു കൊച്ചു വീട്ടിലാണ് ആര്യൻ താമസിക്കുന്നത്.



അവൻറെ വീട്ടിൽ അവനും അമ്മയും അച്ഛനും ഉണ്ട്. അവൻ ചെറിയ കുട്ടിയാണ്. പുഴകടന്ന് വേണം അവന് സ്കൂളിൽ പോവാൻ.
അവനും കൂട്ടുകാരും രാജൻ ചേട്ടൻറെ വള്ളത്തിലാണ സ്കൂളിൽ പോകുന്നത്. രാജൻ ചേട്ടൻ കറുത്തുമെലിഞ്ഞ ഒരു വയസ്സായ ആളാണ്. അവന് രാജൻ ചേട്ടനെ വലിയ ഇഷ്ടമാണ്. ഗ്രാമത്തിൻറെ ഭംഗിയെക്കുറിച്ച് സ്കൂൾ മാസ്റ്റർ എന്നും പറയാറുണ്ട്. നിറയെ പച്ചവിരിച്ച പാടങ്ങളും, പുൽമേടുകളും, മരങ്ങളും, പക്ഷികളും നിറഞ്ഞതായിരുന്നു ആ സ്ഥലം. പക്ഷേ ഇതൊന്നും ട്അവന ഇഷ്ടമല്ലായിരുന്നു. അവന് നഗരത്തിൽ പോകണം എന്നായിരുന്നു ആഗ്രഹം.
വർഷങ്ങൾ കടന്നുപോയി. ആര്യൻ വലുതായി. അവന പതിനെട്ട് വയസ്സായി. അവനോട് അച്ഛനും അമ്മയും നാട്ടിലെ ഒരു കോളേജിൽ ചേരാൻ ആവശ്യപ്പെട്ടു. അവൻ സമ്മതിച്ചില്ല . അവന് നഗരത്തിൽ പോയി അമ്മ കരയാൻ തുടങ്ങി പഠിക്കണമെന്ന് വാശിയായി. അച്ഛൻ

സമ്മതിക്കില്ല എന്ന് പറഞ്ഞു. ആര്യൻ പിന്നെയും വാശി പിടിച്ചു. അവസാനം അച്ഛനും അമ്മയും സമ്മതിച്ചു. അവന മുംബൈയിലെ ഒരു വലിയ കോളേജിൽ അഡ്മിഷൻ കിട്ടി. അച്ഛനും അമ്മയ്ക്കും വിഷമമായി. ജനിച്ചിട്ട് ഇത്രയും കാലമായി അച്ഛനെയും അമ്മയെയും പിരിഞ്ഞു അവൻഇരുന്നിട്ടില്ല . മകൻ പോകാനുള്ള എല്ലാ
തയ്യാറെടുപ്പും ചെയ്തു. മകനെ റെയിൽവേ സ്റ്റേഷനിൽ ആക്കാൻ അച്ഛനും അമ്മയും പോയി. ആര്യൻ വലിയ സന്തോഷവാനാണ്. ട്രെയിൻ എത്തി. മകൻ കയറി. അച്ഛനോടും അമ്മയോടും യാത്ര പറഞ്ഞു. അമ്മ കരയാൻ തുടങ്ങി. ആശ്വാസവാക്കുകൾ പോലെ മകൻ പറഞ്ഞു ഫോൺ വിളിക്കാം എന്ന്. അമ്മ പറഞ്ഞു ഞാൻ കാത്തിരിക്കും. ട്രെയിൻ പോയി തുടങ്ങി. അമ്മയുടെ മനസ്സിൽ ഒരു വേവലാതി. അച്ഛനും അമ്മയും ട്രെയിൻ പോകുന്നത് നോക്കിനിന്നു.
ആര്യൻ മുംബൈയിൽ കോളേജ് ഹോസ്റ്റലിലാണ താമസിക്കുന്നത്. അവിടെ എത്തിയപ്പോൾ തന്നെ അവൻ അമ്മയെ വിളിച്ച് സംസാരിച്ചു. അമ്മയുടെ ചോദ്യം എന്നുവരും എന്നായിരുന്നു.
ആര്യൻ മാസം കൂടുമ്പോൾ വരാമെന്ന് പറഞ്ഞു.
മുംബൈയിൽ ചെന്നപ്പോൾ അവനൊരു കൂട്ടുകാരനെ കിട്ടി, അരുൺ. മുംബൈ മുഴുവൻ അവനേ അരുൺ കാണിച്ച് കൊടുത്തു. ആര്യൻ സന്തോഷവാനായി പക്ഷേ അവൻറെ സന്തോഷത്തിൽ വിഷമിക്കുകയാണ് അച്ഛനും അമ്മയും. മകൻറെ ഫോൺ വിളിക് അവർ കാത്തിരിക്കും. ആര്യൻ റെ ക്ലാസ് തുടങ്ങി. അച്ഛൻ

ചുവടുകൾ

അവൻറെ അക്കൗണ്ടിൽ പണം കൊടുക്കും അങ്ങിനെ അവൻറെ പഠിത്തം കഴിഞ്ഞു അവൻ നാട്ടിലേക്ക് തിരികെ പോയി. നാട്ടിലെ ഒരു പെണ്ണിനെ അച്ഛനും അമ്മയും അവന് കല്യാണം കഴിച്ചുകൊടുത്തു. അവൻ ഇനി അച്ഛനും അമ്മയുടെയും കൂടെ നാട്ടിൽ തന്നെ താമസിക്കും എന്നാണ് അവർ കരുതിയത് . പക്ഷേ അവൻതിരികെ ജോലിക്കുവേണ്ടി നഗരത്തിലേക്ക് പോകാൻ വാശി പിടിച്ചു. അവർ സമ്മതിച്ചില്ല . അവരുടെ സമ്മതം കൂടാതെ അവൻ നഗരത്തിലേക്ക് പോയി. മകൻ പോയ വിഷമത്തിൽ അച്ഛൻ തളർന്നുവീണു. അമ്മ ഒരു ഭ്രാന്തിയായി.

നഗരത്തിലേക്ക് പോയ അവൻ പിന്നീട് അമ്മയെയും അച്ഛനെയും അന്വേഷിച്ചില്ല . നാളുകൾക്കു ശേഷം അവൻ അവരെ കാണാൻ എത്തുന്നു. അപ്പോൾ അവൻ അവിടെ കണ്ടത അച്ഛൻ മരിച്ചു കിടക്കുന്നു. അമ്മ വീടിൻറെ ഒരു മൂലയിൽ എന്തൊക്കെയോ പറഞ്ഞുകൊണ്ട് ഇരിക്കുന്നു, ഒരു ഭ്രാന്തിപോലെ

(ദേവനന്ദ കെ.ആർ)

# സ്വപ്ന വീഥി

എന്തെന്നറിയാതെ
ഏതെന്ന് അറിയാതെ
ഒരു സുന്ദര സ്വപ്നം എൻ
മിഴികളിൽ വിടർന്നു
അർജ്ജുന പത്ത് ചെല്ലി
ഉറങ്ങാൻ കിടന്ന എൻറെ മിഴികളിൽ
ആരോ വിതറി ഒരു സുന്ദര സ്വപ്നം
ആകാശത്തിന് അത്ര ഉയരത്തിൽ
എത്തി നിൽക്കുന്നു എന്ന് ഞാൻ
എൻ സ്വപ്നത്തിൽ കണ്ടു
ആ സ്വപ്നം എൻറെ മിഴികളിൽ പതിഞ്ഞു
ആ സ്വപ്നം എൻറെ ചിന്തയെ ഉണർത്തി
ആ സ്വപ്നം എൻറെ മനസ്സിൽ തെളിഞ്ഞു
ആരുമറിയാതെ മനസ്സിൽ ഞാൻ ഒളിപ്പിച്ച മോഹം
ആരുമറിയാതെ എന്നെ തേടി വീണ്ടു എത്തി
അത് വെറുമൊരു സ്വപ്നമല്ലേ
നിദ്രയിൽ ഞാൻ കണ്ട മായയല്ലേ
പിന്നെ എന്തിന് അതിനെ തേടി അലയണം
എന്ന് മുഗയാം ഞാൻ ചിന്തിച്ച് പോയി
ഭൂമിയിൽഅല്ല ഞാൻ
ഏതോ മായാലോകത്ത്
സ്വപ്നം എന്ന വീഥിയിലൂടെ
ഞാനെൻറെ സ്വപ്നകൂട്ടിൽ എത്തി ചേർന്നു
ആ സ്വപ്നം എൻറെ ജീവിതത്തിലും
യാഥാർഥ്യമാക്കാൻ
പിന്നെ ഞാൻ പണിപ്പെട്ടു തുടങ്ങി
ഞാൻ ഉയരങ്ങളിലെത്താൻ വീണ്ടും ശ്രമിച്ചു



## ചുവടുകൾ

*ഒടുവിൽ ഈ ലോകം എനിക്കായി കയ്യടിക്കാൻ*
*പോകുന്ന ദിവസം വന്നെത്തി*
*കോടാനുകോടി ജനങ്ങൾക്ക് മുൻപിൽ ഞാൻ*
*നെടുവീർപ്പായി നിൽക്കും നേരം*
*ആരോ എൻറെ ചെവിയിൽ മന്ത്രിച്ചു*
*''എഴുന്നേറ്റു പഠിക്ക് എടീ ''എന്ന് അപ്പോൾ ഞാനറിഞ്ഞു*
*ഇതെന്തോ മായയാണെന്ന്.....*
*ഏതോ മായാജാലം ആണെന്ന്.....*
*ഉറക്കത്തിൽ ഞാൻ കണ്ട മധുരിക്കും ഓർമ്മകൾ*
*മാത്രമാണ് എൻറെ സ്വപ്നം*

*(ഗാഥ . എസ്)*

# കാത്തിരിപ്പ് ......

*മഹാ മഴയും ഇടിയും. അമ്മു തൻറെ വീട്ടിൽ ഒറ്റയ്ക്കാണ്. അച്ഛനും അമ്മയും ജോലി കഴിഞ്ഞ് എത്തിയിട്ടില്ല.*



*അവൾ ആകെ ഭയന്നു വിറക്കുകയാണ്. മഴ അതിശക്തമായി പെയ്തുകൊണ്ടിരിക്കുകയാണ്. നാല് ചുവരുകൾക്കിടയിൽ കുട്ടി ഒറ്റയ്ക്കായിരുന്നു . എപ്പോഴാണ് അച്ഛനും അമ്മയും വരുന്നത് എന്നോർത്ത് കുട്ടി ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. അച്ഛൻറെയും അമ്മയുടെയും വരവും കാത്തു കുട്ടി ഉമ്മറപ്പടിയിൽ ഇരിക്കുകയാണ്. പെട്ടെന്ന് ഇടിയും മഴയും ശക്തി പ്രാപിച്ചു വരികയാണ്. അമ്മു ഭയന്നുവിറച്ചു . അമ്മുവിന് അച്ഛനെയും അമ്മയെയും കാണണം . അവൾ അവരെ കാത്തിരിക്കാൻ തുടങ്ങിയിട്ട് ഇപ്പോൾ ഒരു മണിക്കൂർ പിന്നിട്ടിരിക്കുന്നു. അമ്മുവിന് ഏകദേശം എട്ടു വയസ്സ് പ്രായം വരും . അവർ അമ്മുവിനെ ഫോണിൽ വിളിക്കുകയോ, വിവരങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നില്ല . അമ്മുവിന് വല്ലാതെ വിഷമമായി. അമ്മുവിൻറെ മനസ്സിൽ പല ചിന്തകൾ വന്നുചേർന്നു. തൻറെ മാതാപിതാക്കൾ എന്താണ് തന്നെ ഒറ്റയ്ക്ക് ഇട്ടിട്ടു പോയത്, അവർക്ക് എന്തെങ്കിലും അപകടം സംഭവിച്ചിരിക്കുമോ . അച്ഛനമ്മമാർ വരേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു . അവൾ ദുഃഖിക്കുകുറച്ചുകയാണ്. അവൾക്കൊന്നും സഹിക്കാനാവുന്നില്ല . തൻറെ മാതാപിതാക്കളെ ആലോചിച്ച് വിഷമിക്കുകയാണ് പാവം. അവൾ നാല് ചുവരുകൾക്കുള്ളിൽ ഒറ്റപ്പെട്ട*

ഇരിക്കുന്നു . അവൾക്ക് പുറത്തിറങ്ങാൻ സാധിക്കുന്നില്ല . പുറത്ത് നല്ല മഴയാണ്.
ഇത്രയും അതിശക്തമായ മഴ

അവൾ ഇതിനു മുമ്പ് കണ്ടിട്ടില്ല. അവൾ വളരെ പരിഭ്രാന്ത് പെട്ടിരിക്കുകയാണ്

. ഇതെല്ലാം ചിന്തിച്ചിരുന്നു

സമയം പോയതറിഞ്ഞില്ല , സമയം വളരെ വൈകിയിരിക്കുന്നു കയാണ് തൻറെ
അച്ഛനമ്മമാർ വരേണ്ട

സമയം അതിക്രമിച്ച് കഴിഞ്ഞിരിക്കുന്നു . കുറച്ച് സമയങ്ങൾക്കകം അവൾ ഓരോ
കാര്യങ്ങൾ ആലോചിച്ച്

കൊണ്ടിരിക്കെ ആരോ വാതിലിൽ മുട്ടി . അവൾ നടുങ്ങി . അവൾക്ക് വാതിൽ
തുറക്കാൻ

ധൈര്യംഉണ്ടായിരുന്നില്ല. പരിചയമില്ലാത്ത ആരോ ആണ് വന്നിരിക്കുന്നതെന്ന്
അവൾക്ക് മനസ്സിലായി.

അവൾ വാതിൽ തുറന്നില്ല. അവളുടെ അമ്മ പറയാറുണ്ടായിരുന്നു പരിചയമില്ലാത്ത
ആരു വന്നാലും വാതിൽ

തുറക്കരുത് എന്ന്. അപ്പോൾ അമ്മ പറഞ്ഞ കാര്യങ്ങളെല്ലാം അവൾ ഓർത്തു

. അവൾ ഒന്നും മിണ്ടിയില്ല.

വീണ്ടും വാതിലിൽ മുട്ടി . പിന്നീട് ഒരു ആണിൻറെ സ്വരം ആണ് അവൾ കേട്ടത്,
എന്നാൽ ആ സ്വരം

അവൾക്ക് ഉള്ളതായി തോന്നി . അവൾ ജനൽ പഴുതിലൂടെ പുറത്തേക്ക്
നോക്കിയപ്പോൾ അത് അടുത്ത

വീട്ടിലെ രാമൻ ചേട്ടൻ ആയിരുന്നു. അവൾക്ക് സമാധാനമായി അവൾ വാതിൽ
തുറന്നു . അപ്പോൾ രാമൻ

ചേട്ടൻ അമ്മു വിനോട് വാർത്ത അറിയിക്കാനാണ് വന്നത്. അമ്മു
ആകാംക്ഷയോടെ ആ കാര്യം

എന്താണെന്ന് തിരക്കി. കാര്യം പിന്നെ പറയാം എന്നു പറഞ്ഞ് അമ്മുവിനെയും കൂട്ടി
ആശുപത്രിയിലേക്ക്

കൊണ്ടുപോയി . ആശുപത്രിയിൽ മുത്തശ്ശനും മുത്തശ്ശിയും സ്വന്തക്കാരെ എല്ലാരും വന്നിരിക്കുന്നു. അവർ

ഏറെ ദുഃഖത്തിലാണ്. എല്ലാവരും കരഞ്ഞു കൊണ്ടിരിക്കുന്നു . അവൾക്ക് ഒന്നും മനസ്സിലായില്ല . പിന്നീട്

മുത്തശ്ശി അവരെ അരികിലേക്ക് വിളിച്ചു കാര്യം പറഞ്ഞു. അവളുടെ അച്ഛനും അമ്മയും വരുന്ന വഴിയിൽ

അപകടത്തിൽപ്പെട്ടു . കുറച്ച് സമയത്തിന് ശേഷം ഡോക്ടർ വന്നു . തൻറെ അച്ഛനമമ്മയും മരിച്ചു എന്ന വാർത്ത

പറഞ്ഞു . അത് അവളെ ആകെ തളർത്തി . അവൾക്ക് അത് വളരെ ദുഃഖമായി. അവൾക്ക് അത്

സഹിക്കാനായില്ല . അവളുടെ ആ കാത്തിരിപ്പിന് ഒടുവിൽ അവൾക്ക് വളരെ അധികം ദുഃഖം ഉള്ള ഒരു

അനുഭവമാണ് വന്നുചേർന്നത്. ആ കണ്ണിൽ നിന്നും കണ്ണുനീർ പുഴയായി ഒഴുകി .

ശുഭം.

(ദേവനന്ദ)



# സ്വപ്നം




സ്വപ്നമാണമൃത സാഗരം
സ്വപ്നത്തിൽ നിന്ന് നാം
ഉയരിലേക്കുദിക്കുക.
എൻ സ്വപ്നം എൻ നാടായി
നാമെന്നും ഉദിച്ചിട്ടും.
എൻ ജീവസാഗരമാണെൻ
അമൃതസ്വപ്നം.
എൻ സ്വപ്നത്തിലൂടെ
ഞാൻ എന്റെ ഭാവികൈവരിക്കും.
സ്വപ്നമാണെൻ ജീവിത-
ച്ചൂടിലേക്കയക്കുന്ന യന്ത്രം.
സുന്ദരങ്ങളായ സ്വപ്നമെന്നും
എന്നെ ഉണർത്തും.
എൻ മിഴികളെ തടവി എൻ
സ്വപ്നം ജീവിതത്തിൽ പാറിയലയും.

(രസ്ന് രാജൻ.)

# പോരാടാംലഹരിക്കെതിരെ

(ഉപനിയാസം)

ലഹരി മനുഷ്യനെ കാർന്നുതിന്നുന്ന ഒരു വസ്തുവാണ്. ലഹരി ശാരീരികമായും മാനസികമായും മനുഷ്യനെ ബാധിക്കും.




ലഹരി കുടുംബ ജീവിതങ്ങളെ തകർക്കും. സ്കൂൾ വിദ്യാർഥികളാണ് കൂടുതൽ ലഹരി ഉപയോഗിക്കുന്നത്. കൗതുകത്തിന് ഉപയോഗിച്ച് തുടങ്ങുന്ന ഈ വസ്തു പിന്നീട് നമ്മെ അടിമയാക്കും. ലഹരിക്ക് അടിമയായി കഴിഞ്ഞാൽ അതില്ലാതെ ജീവിക്കുക എന്നത് വളരെ പ്രയാസകരമാണ്. സ്കൂൾ വിദ്യാർത്ഥികൾ ലഹരി ഉപയോഗം നിർത്തിയാൽ ലഹരി ഉപയോഗം വളരെ കുറയും. സ്കൂൾ വിദ്യാർത്ഥികളാണ് ലഹരി ഉപയോഗിക്കാതിരിക്കാൻ ഉള്ള മുൻകരുതലുകൾ എടുക്കേണ്ടത്. കുട്ടികളെ ബോധവൽക്കരിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. മിക്ക കുട്ടികളും കൗതുകത്തിന് അല്ലെങ്കിൽ വീട്ടിലെ മറ്റ് പ്രശ്നങ്ങൾ കാരണമാകാം ലഹരി ഉപയോഗിച്ച് തുടങ്ങുന്നത്.

പലതരത്തിലുള്ള ലഹരി ഉണ്ട് മദ്യം, മയക്കമരുന്ന്, സിഗരറ്റ്, പാൻമസാല, ഇവയൊക്കെ പലതരത്തിലുള്ള ലഹരികൾ ആണ്. സിഗരറ്റിൽ അടങ്ങിയിരിക്കുന്ന വിഷവസ്തു ആണ് നിക്കോട്ടിൻ ഇവ ലങ്സ് കാൻസർ, അർബുദം, എന്നി അസുഖങ്ങൾക്ക് കാരണമാകുന്നത്. മദ്യം കഴിച്ചാൽ തൊണ്ടയിൽ ക്യാൻസർ, ലിവർ സിറോസിസ്, അമിതവണ്ണം, ഹാർട്ട് അറ്റാക്ക്, ഇനി അസുഖങ്ങൾക്ക് കാരണമാകുന്നു. ഇവ

*കഴിച്ചാലുള്ള പരിണാമത്തെ പറ്റി ചിന്തിച്ചാലോ.*

*പണം കൊടുത്ത വാങ്ങുന്ന വിഷം അല്ലേ ലഹരി. മനുഷ്യൻറെ കുടുംബജീവിതത്തെ*

*തകർത്തു, ധനനഷ്ടം, ശാരീരികവും*

*മാനസികമായ ബുദ്ധിമുട്ടുകളും ലഹരി തരുന്നു. ലഹരി*

*ഉപഭോക്താവിനെ ശരാശരി ആയുസ്സ് വളരെ കുറവാണ്*

*.*



*ലഹരി നമ്മുടെ പ്രിയപ്പെട്ടവരെ*

*നമ്മെ കൊണ്ട് തന്നെ കൊല്ലുന്നു.*

*ലഹരി*

*ഉപയോഗത്തിന് റെ ദൂഷ്യഫലം*

*അറിയാതെയാണ് പലരും ലഹരി*

*ഉപയോഗിക്കുന്നത്. അടുത്ത തലമുറ എന്നുപറഞ്ഞാൽ ഇപ്പോഴുള്ള സ്കൂൾ*

*വിദ്യാർത്ഥികളാണ്. അവർ നശിച്ചാൽ അടുത്ത തലമുറ എന്താണ്?*

*സ്കൂൾ വിദ്യാർത്ഥികൾ ചെയ്യേണ്ടത് ഇതിൻറെ ദൂഷ്യ*

*ഫലങ്ങളെ കുറിച്ചാണ്. ഇത് വിദ്യാർത്ഥികൾ*

*ബോധവൽക്കരിക്കേണ്ടത് ആണ്.*

*ഇതിൽ മാതാപിതാക്കൾക്കും,*

*അധ്യാപകർക്കും ഉള്ള പങ്ക് വളരെ വലുതാണ്. ഈ തലമുറ ലഹരിയുടെ ദൂഷ്യ*

*ഫലങ്ങൾ കുറിച്ച് അറിഞ്ഞില്ലെങ്കിൽ*

*അടുത്ത തലമുറ അറിയുന്നതെങ്ങനെ ? മനുഷ്യവംശത്തിന് റെ അന്ധൻ ആകാനുള്ള*

*സവിശേഷത എല്ലാം ലഹരി*

*കുണ്ട്. ഒരാൾ ആത്മഹത്യ ചെയ്യുന്നതിന് തുല്യമാണ് ലഹരി ഉപയോഗിക്കുന്നത്.*

*ജീവികളുടെ വംശനാശത്തെ കുറിച്ച്*

*നമുക്ക അറിയാം. അവ എല്ലാം മറ്റ ജീവികൾ കാരണമാണ് നശിക്കുന്നത്. '*

*ബുദ്ധിയുള്ള ജീവി'*

*എന്ന്*

*വിശേഷണം മനുഷ്യന് സ്വന്തമാണ്,*

*പക്ഷേ എന്നാൽ സ്വയം നാശത്തിലേക്കുള്ള*

*വഴിയേ സ്വയം കണ്ടു*

*പിടിക്കുന്ന മനുഷ്യൻ സത്യത്തിൽ വിഡ്ഢിയല്ലേ?????????????????????????????*

*(നിർമല എൽ)*

# സ്വപ്നം

*സഹോദരനുമായി വഴക്കിട്ട്*
*വഴക്കിട്ട് ഞാൻ*
*കരഞ്ഞ് കലർന്നകണ്ണുമായ്*
*പോയി കിടന്നു.*
*സഹോദരന് മാത്രമേ വസ്ത്രം*
*അച്ചൻ വർഷം വാങ്ങിച്ച*
*കൊടുത്തൊള്ളു*
*കരഞ്ഞു കലർന്ന കണ്ണുമായി*
*ഞാൻ മയങ്ങിപ്പോയി*
*ഞങ്ങൾ കുടുംബമൊത്ത് ഒരു*
*യാത്ര പോയപ്പോൾ*
*അച്ഛൻ ഹോട്ടലിൽനിന്ന*
*ആഹാരം വാങ്ങിതന്നു*
*ഞാൻ ചോദിച്ചതെല്ലാം ഒരു*
*മടിയും കൂടാതെ വാങ്ങിത്തന്നു*
*അപ്പോൾ ഞാൻ ഓർത്തു*
*അപ്പോൾ അച്ഛന്റേ കൈ*
*പണം ഇല്ലാത്തത് കൊണ്ടാണ്*
*വാങ്ങി തരാത്തത് എന്ന്*
*അങ്ങനെ ഞങ്ങൾ യാത്ര*
*പോകുമ്പോൾ*
*വഴിയൊരുക്കി കുറച്ച് കുട്ടികൾ*
*വിശന്നിന്ന് വലഞ്ഞ്*
*ദയയാജിക്കുന്നത്*
*ഞാൻ കണ്ടു*
*അപ്പൊൾ ഞാൻ ഓർത്തു*



*എനിക്ക് അവശ്യത്തിന് എല്ലാം*

*തന്നേ ഉണ്ട്* *(സഹദ് സൽമി*

# സ്വപ്നം



എത്ര സുന്ദരം,

അതിമനോഹരം

കാണാൻ കൗതുകം.

ഹാ? എന്തൊരത്ഭുതം; അതിസുന്ദരം.

സുഖനിദ്രയിൽ സ്വപ്ന കൂട്ടിൽ.......

കാണാം പല സുഹൃത യാമങ്ങളിൽ.

ലോകർക്ക് എന്നാൽ ഒത്തൊരുമിക്കാം.

നല്ലത് മാത്രം ചെയ്തുകൊണ്ട് കണ്ടു.

നല്ല യഥാർത്ഥ സ്വപ്നം.

കാണാം നല്ല ധർമ്മഗിരി നിറമുള്ള സ്വപ്നം.

സ്വപ്നം ;

എത്ര സുന്ദരം

അതിമനോഹരം

കാണാം കൗതുകം

സുഖനിദ്രയിൽ ചഞ്ചൽ ആയി.

കാണണം ഒരു സുന്ദര സ്വപ്നം.

സുഖനിദ്രയിൽ ഒഴുകിയ ജീവിതം

നിറയെ സ്വപ്നം തീർത്തൊരു രാത്രി. കാണാൻ ഉവ്വന്ന സ്വപ്നം

ആ ബാലകാല താ ലാ ലയ സ്മരണകൾ

ദിനരാത്രങ്ങളിൽ ഒന്നായി കൂടാൻ

നിറമുള്ള ഒരു സ്വപ്നം ആയി മാറാൻ

കനലെരിയും നിദ്രയിൽ ഒതുക്കാൻ

തേനൂറും നല്ല കിനാവുകൾ ഉണ്ടോ?

മായയായ മായാ വർണ്ണമായി തീരും രാവിൻറെ മടിത്തട്ടിൽ ഓ അത്

അമൃതം നിറയുന്ന എൻ അകത്ത്

ചുവടുകൾ

സ്വപ്നം പോലെ അനശ്വരമായ ഒരു പ്രതിഭ

ആ ഇമ മിന്നും കണ്ണുകളുണ്ട്

ഒരു ഇളനീർ കാറ്റായി സുന്ദരമായ അസുലഭ നിമിഷം.

സ്വപ്നം;

എത്ര സുന്ദരം

അതിമനോഹരം.

കാണാൻ കൗതുകം

ഹാ; എന്തൊരു അത്ഭുതം; അതിസുന്ദരം

സുഖനിദ്രയിൽ സ്വപ്ന കൂട്ടിൽ........

കാണാം പല സുഹൃത യാമങ്ങളിൽ

കാണാം പല സുഹൃത യാമങ്ങളിൽ

എത്ര സുന്ദരം,

അതിമനോഹരംകാണാൻ കൗതുകം.

ഹാ? എന്തൊരത്ഭുതം; അതിസുന്ദരം.

സുഖനിദ്രയിൽ സ്വപ്ന കൂട്ടിൽ.......

കാണാം പല സുഹൃത യാമങ്ങളിൽ.

ലോകർക്ക് എന്നാൽ ഒത്തൊരുമിക്കാം.

നല്ലത് മാത്രം ചെയ്തുകൊണ്ട് കണ്ടു.

നല്ല യഥാർത്ഥ സ്വപ്നം.

കാണാം നല്ല ധർമ്മഗിരി നിറമുള്ള സ്വപ്നം.

സ്വപ്നം ;

എത്ര സുന്ദരം

അതിമനോഹരം

കാണാം കൗതുകം

സുഖനിദ്രയിൽ ചഞ്ചൽ ആയി.

കാണണം ഒരു സുന്ദര സ്വപ്നം.

സുഖനിദ്രയിൽ ഒഴുകിയ ജീവിതം

ചുവടുകൾ

നിറയെ സ്വപ്നം തീർത്തൊരു രാത്രി.
കാണാൻ തുവുന്ന സ്വപ്നം
ആ ബാലകാല താ ലാ ലയ സ്മരണകൾ
ദിനരാത്രങ്ങളിൽ ഒന്നായി കൂടാൻ
നിറമുള്ള ഒരു സ്വപ്നം ആയി മാറാൻ
കനലെരിയും നിദ്രയിൽ ഒതുക്കാൻതേന്തുറും നല്ല കിനാവുകൾ ഉണ്ടോ?
മായയായ മായാ വർണ്ണമായി തീരും രാവിൻറെ മടിത്തട്ടിൽ ഓ അത്
അമൃതം നിറയുന്ന എൻ അകത്ത്
സ്വപ്നം പോലെ അനശ്വരമായ ഒരു പ്രതിഭ
ആ ഇമ മിന്നും കണ്ണുകളുണ്ട്
ഒരു ഇളനീർ കാറ്റായി സുന്ദരമായ അസുലഭ
നിമിഷം.
സ്വപ്നം;
എത്ര സുന്ദരം
അതിമനോഹരം.
കാണാൻ കൗതുകം
ഹാ; എന്തൊരു അത്ഭുതം; അതിസുന്ദരം
സുഖനിദ്രയിൽ സ്വപ്ന കൂട്ടിൽ........
കാണാം പല സുഹൃത യാമങ്ങളിൽ
കാണാം പല സുഹൃത യാമങ്ങളിൽ



(മരിയ സുനിൽ)

# കാത്തിരിപ്പ്

*ഓരോ ദിവസവും തൻറെ ഭർത്താവ് വരും എന്ന് കരുതി കാത്തിരിക്കുന്ന ഒരു അമ്മയും 2 മക്കളും വീട്ടിലെ ദാരിദ്ര്യം ആത്മഹത്യയിലേക്ക് വഴി തിരിയും ഇന്ന് അപ്പോൾ മറ്റൊരു നാട്ടിലേക്ക് ജോലിതേടി പോയതാണ് അയാൾ അയാൾ പോകുന്നതിന് മുമ്പുള്ള എല്ലാ കാര്യങ്ങളും അവർ എന്നും ഓർക്കും . ലക്ഷ്മി, അപ്പു അങ്ങനെയാണ് മക്കളുടെ പേര്. അവർക്ക് ഇടാൻ നല്ല വസ്ത്രങ്ങളോ*




*കഴിക്കാൻ നല്ല ആഹാരമോ ഇല്ല . ചോർന്നൊലിച്ച് തകരാറിലായ ചെറിയ ഓലപ്പുര. അയാൾ എവിടെയെങ്കിലുമൊക്കെ പണിക്ക് പോയി അന്നത്തെ ഉള്ള ഭക്ഷണം ഉണ്ടാക്കി കൊണ്ടുവരും മിഠായി കച്ചവടക്കാരും മറ്റു വീടിനു പുറത്ത് ബെല്ലടിക്കുമ്പോൾ ലക്ഷ്മിയുടെയും അപ്പുവിനെയും നാക്കിൽ വെള്ളമൂറും . പക്ഷേ കുടുംബത്തിലെ അവസ്ഥ നന്നായി അറിയാവുന്നതുകൊണ്ട് അവർ മനസ്സില്ലാമനസ്സോടെ അത് വേണ്ടെന്നു വയ്ക്കും . മക്കളുടെ ചെറിയ ആഗ്രഹങ്ങൾ പോലും സാധിക്കാൻ കഴിയാത്തതിൽ അയാൾക്ക് സങ്കടമുണ്ട്. വീട്ടിലെ അവസ്ഥ ദിനംപ്രതി മോശമായി വന്നു.*

*ഒരു ദിവസം പ്രഭാതം ഉണരും മുമ്പേ അയാൾക്ക് ജോലിതേടി ഒരു നാട്ടിലേക്ക് യാത്ര തിരിച്ചു .ഒന്നു രണ്ടു മാസത്തിനുശേഷം ഒരു കത്തുവന്നു തനിക്ക് ഒരു ജോലി കിട്ടി എന്നും എല്ലാ കാര്യങ്ങളും നേരെയാവും എന്നുമായിരുന്നു ആ കത്തിൽ . ഇപ്പോൾ 20 വർഷമായി കത്തിന് ശേഷം പിന്നീട് ഇതുവരെ ഒരു വിവരവുമില്ല. ആ കത്തിനൊപ്പം കിട്ടിയ കുറച്ചു കാശു കൊണ്ട് കുറെനാൾ കഴിഞ്ഞു പോയി. പിന്നീട്*

ദിവസങ്ങളോളം പട്ടിണി ആയപ്പോൾ മകൻ കൂലിപ്പണിക്ക് പോയി വീട് നോക്കാൻ തുടങ്ങി. അവിടെ നിന്ന് കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് അവർ കഴിഞ്ഞു പോകുന്നു.

ഇപ്പോൾ അമ്മയ്ക്ക് പ്രായമായി.

ഒന്നോ രണ്ടോ മാസം കൂടുമ്പോൾ വരാറുള്ള കുറച്ച്

കാശ് ഇടയ്ക്ക് എപ്പോഴോ നിലച്ചു. കുറച്ചുനാൾ മുമ്പ് ലക്ഷ്മിക്ക് പനി വന്നു. അതിപ്പോൾ രോഗം ആയി മാറി ചികിത്സക്കായി ഒരുപാട് പണം വേണം അപ്പു ജോലിചെയ്ത് ഇതിൽനിന്ന് അതിന് തികയില്ല. അവളുടെ

നില അതീവഗുരുതരമായികൊണ്ടിരിക്കുന്നു . ഒരു ദിവസം രാവിലെ അവൾ ലോകത്തോട് എന്നെന്നേക്കുമായി

വിടപറഞ്ഞു.

ലക്ഷ്മിയുടെ മരണത്തോടെ തളർന്നു പോയതാണ് അമ്മ

ഇപ്പോൾ അപ്പു ആണ് അമ്മയുടെ എല്ലാ കാര്യങ്ങളും ചെയ്യുന്നത്.

അമ്മ ഇപ്പോഴും ഭർത്താവിനെ കാത്തിരിക്കുകയാണ്. അയാൾ എവിടെയെങ്കിലും ജീവനോടെ ഉണ്ടാകും എന്നാ വിശ്വാസത്തിലാണ് അമ്മ ജീവിക്കുന്നത്. തൻറെ ഭർത്താവ് ഒരു അപകടത്തിൽ മരിച്ച വിവരം അറിഞ്ഞിട്ടില്ല. ഇനി ചിലപ്പോൾ ഒരിക്കലും അറിയാൻ പോകുന്നില്ല ആയിരിക്കും.. പോകുന്നതിന് മുമ്പുള്ള എല്ലാ

കാര്യങ്ങളും അവർ എന്നും ഓർക്കും . ലക്ഷ്മി, അപ്പു

അങ്ങനെയാണ് മക്കളുടെ പേര്. അവർക്ക് ഇടാൻ നല്ല വസ്ത്രങ്ങളോ കഴിക്കാൻ നല്ല ആഹാരമോ ഇല്ല . ചോർന്നൊലിച്ച് തകരാറിലായ ചെറിയ ഓലപ്പുര. അയാൾ എവിടെയെങ്കിലുമൊക്കെ പണിക്ക് പോയി അന്നത്തെ ഉള്ള ഭക്ഷണം ഉണ്ടാക്കി കൊണ്ടുവരും മിഠായി കച്ചവടക്കാരും മറ്റു വീടിനു പുറത്ത് ബെല്ലടിക്കുമ്പോൾ ലക്ഷ്മിയുടെയും അപ്പുവിനെയും നാക്കിൽ

വെള്ളമൂറും . പക്ഷേ കുടുംബത്തിലെ അവസ്ഥ നന്നായി അറിയാവുന്നതുകൊണ്ട് അവർ

മനസ്സില്ലാമനസ്സോടെ അത് വേണ്ടെന്നു വയ്ക്കും . മക്കളുടെ ചെറിയ ആഗ്രഹങ്ങൾ പോലും

സാധിക്കാൻ കഴിയാത്തതിൽ അയാൾക്ക് സങ്കടമുണ്ട്. വീട്ടിലെ അവസ്ഥ

ദിനംപ്രതി മോശമായി വന്നു.

ഒരു ദിവസം പ്രഭാതം ഉണരും മുമ്പേ അയാൾക്ക് ജോലിതേടി ഒരു

നാട്ടിലേക്ക് യാത്ര തിരിച്ചു ഒന്നു രണ്ടു മാസത്തിനുശേഷം ഒരു കത്തുവന്നു തനിക്ക് ഒരു

ജോലി കിട്ടി എന്നും എല്ലാ കാര്യങ്ങളും നേരെയാവും എന്നുമായിരുന്നു ആ കത്തിൽ .

ഇപ്പോൾ 20 വർഷമായി കത്തിന് ശേഷം പിന്നീട് ഇതുവരെ ഒരു വിവരവുമില്ല. ആ

കത്തിനൊപ്പം കിട്ടിയ കുറച്ചു കാശു കൊണ്ട് കുറെനാൾ കഴിഞ്ഞു പോയി. പിന്നീട്

ദിവസങ്ങളോളം പട്ടിണി ആയപ്പോൾ മകൻ കൂലിപ്പണിക്ക് പോയി വീട് നോക്കാൻ

തുടങ്ങി. അവിടെ നിന്ന് കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് അവർ കഴിഞ്ഞു

പോകുന്നു.

ഇപ്പോൾ അമ്മയ്ക്ക് പ്രായമായി.

ഒന്നോ രണ്ടോ മാസം കൂടുമ്പോൾ വരാറുള്ള കുറച്ച്

കാശ് ഇടയ്ക്ക് എപ്പോഴോ നിലച്ചു. കുറച്ചുനാൾ മുമ്പ് ലക്ഷ്മിക്ക് പനി വന്നു. അതിപ്പോൾ

രോഗം ആയി മാറി ചികിത്സക്കായി ഒരുപാട് പണം വേണം അപ്പു

ജോലിചെയ്തുഇതിൽനിന്ന് അതിന് തികയില്ല. അവളുടെ

നില അതീവഗുരുതരമായി

കൊണ്ടിരിക്കുന്നു . ഒരു ദിവസം രാവിലെ അവൾ ലോകത്തോട് എന്നെന്നേക്കുമായി

വിടപറഞ്ഞു.

ലക്ഷ്മിയുടെ മരണത്തോടെ തളർന്നു പോയതാണ് അമ്മ

ഇപ്പോൾ അപ്പു ആണ് അമ്മയുടെ എല്ലാ കാര്യങ്ങളും ചെയ്യുന്നത്.

അമ്മ ഇപ്പോഴും ഭർത്താവിനെ കാത്തിരിക്കുകയാണ്. അയാൾ

എവിടെയെങ്കിലും ജീവനോടെ ഉണ്ടാകും എന്നാ വിശ്വാസത്തിലാണ് അമ്മ

ജീവിക്കുന്നത്. തൻറെ ഭർത്താവ് ഒരു അപകടത്തിൽ മരിച്ച വിവരം അറിഞ്ഞിട്ടില്ല.

ഇനി ചിലപ്പോൾ ഒരിക്കലും അറിയാൻ പോകുന്നില്ല ആയിരിക്കും.

(ആതിര എ. ബി)

# തീരാത്ത ദുഃഖം , പുതു പ്രത്യാശ



*അസുഖങ്ങൾ ദാരിദ്ര്യത്തിൽ വലിയൊരു പങ്കുണ്ട്. ഒരു സന്തോഷം വിളങ്ങുന്ന കുടുംബം . അമ്മ , അച്ഛൻ , രണ്ടു മക്കൾ . അച്ഛൻ കുറെ നാളായി വീട്ടിൽ ഇല്ലാതെ പുറത്തെവിടെയോ പോയി കഠിനമായി അധ്വാനിച്ച് തനിക്ക് കിട്ടുന്ന പടത്തിന് കൂടുതൽ ഭാഗവും കുടുംബത്തിലേക്ക് അയച്ചു കൊടുക്കുന്നു . തുച്ഛമായ ആ പണം കൊണ്ട് ആണ് ആ കുടുംബം എല്ലാത്തരം ചിലവുകളും നടത്തുന്നത്. എന്നാൽ കുറെ നാളായി ജോലി ഇല്ലാത്തതിനാൽ കുടുംബം വളരെ കഷ്ടപ്പാടിൽ ആണ്. മൂത്തമകൾ ലക്ഷ്മിയുടെ പഠന ചിലവ്, മറ്റ് ഗൃഹ ആവശ്യങ്ങൾ . ഓരോ ദിവസവും അയാളുടെ കത്തോ പണമോ കാത്ത് അവർ തിണ്ണ മേൽ ഇരിക്കും . മഴ അവരുടെ ദാരിദ്ര്യത്തിന് മധുരം കൂട്ടി കൊണ്ടിരുന്നു ഒരു നേരം ഭക്ഷണം കഴിക്കാൻ ആയിട്ടുള്ള അവരുടെ പെടാ പാട് ആരും കാണാതായി . അവർ ഓരോ ദിവസവും ആരോഗ്യം ഷെയ്ക്ക് പെട്ടവർ ആയിക്കൊണ്ടിരിക്കുന്നു . ഭക്ഷണം കിട്ടാതെ മൂത്തമകൾ ലക്ഷ്മി പതിയെ പതിയെ രോഗത്തിനടിമയായി തീർന്നു . അവർ തൻറെ അച്ഛനെയും കാത്ത് കാലങ്ങൾ കഴിക്കാൻ ശ്രമിച്ചു . പിറ്റേദിവസം വീടിന് മുമ്പിലുള്ള സ്ഥലത്ത് വലിയ ആൾക്കൂട്ടം അമ്മയും രണ്ടും മക്കളും വളരെ അധികം പരിഭ്രാന്തരായി . ഭൂമി അളക്കാനും കിടക്കാനും ഉള്ള ഉപകരണങ്ങൾ . ആ അമ്മ പരിഭ്രാന്തിയോടെ അവരുടെ അടുത്തെത്തി ഞാൻ ചോദിച്ചു " ഇവിടെ എന്താ സാറന്മാരെ ". അവർ ആ സ്ത്രീയെ തിരിഞ്ഞു നോക്കുന്നത് പോലുമില്ല . ആ അമ്മ താൻ അപമാനിക്കപ്പെട്ടത് പോലെ തിരികെ നടന്നു . വീട്ടിലേക്ക് തിരിച്ചുവന്ന അമ്മയോട് മകൻ കാര്യം ചോദിച്ചു . അമ്മ അപമാനിക്കപ്പെട്ടത് അറിഞ്ഞപ്പോൾ മകളുടെ കണ്ണിലൂടെ കണ്ണുനീർ*

ഊർന്നിറങ്ങി . പിറ്റേന്ന് തൻറെ മകൾക്ക് ചൂടു കഞ്ഞി കൊടുക്കുകയായിരുന്നു അമ്മ . പുറത്ത്
ശബ്ദം കേട്ട് അവർ പുറത്തേക്ക് എത്തിനോക്കി ഒരുപാട് ആളുകൾ തൻറെ വീട്ടിൽ വന്നിരിക്കുന്നു . അവർ വീട് ഒഴിയാൻ പറയുന്നത് കേൾക്കാൻ കഴിയാതെ അവർ ബോധരഹിതയായി വീണു . ആ മക്കൾ അമ്മയുടെ നിസ്സഹായവസ്ഥ കണ്ടു പൊട്ടിക്കരഞ്ഞു . സംസാരത്തിനിടയിൽ അവർ ഭീഷണികൾ ഉയർത്തി . 10 ദിവസത്തിനുള്ളിൽ വീട് ഒഴിഞ്ഞാൽ 100000 രൂപ പകരം തരാമെന്ന് അവർ വാഗ്ദാനം ചെയ്തു . അപ്പോൾ അമ്മയ്ക്ക് അത് സമ്മതിക്കേണ്ടിവന്നു . തങ്ങൾ ജനിച്ചുവളർന്ന പ്രദേശത്തെ ആ ചുറ്റുപാടിനെ വിട്ട് അകലണം എന്ന തീരുമാനം ആ മകളുടെ രോഗം ഇരട്ടിക്കാൻ കാരണമായി . വീട് അവർ ഒഴിഞ്ഞു കൊടുത്തു എന്നാൽ അവർ പറഞ്ഞ പണം മുഴുവൻ നൽകിയില്ല . അവർ ചതിക്കപ്പെട്ടു എന്ന സത്യം അവർ തിരിച്ചറിയാൻ വളരെ നേരം വൈകിയിരുന്നു . തൻറെ രോഗത്തിൻറെ നിഴലിൻ ആ പെൺകുട്ടി വളരെയധികം കഷ്ടതകൾ അനുഭവിച്ചു . തൻറെ വീടിൻറെ സമീപത്തേക്ക് പറ്റുന്ന വേഗത്തിൽ ഒക്കെ അവർ ഓടിയെങ്കിലും അവർക്ക് പകച്ചു നിൽക്കാനേ കഴിഞ്ഞുള്ളൂ . അവർ ആ വീട് പൊളിച്ചു . ആയിരത്തിൽ പരം ആളുകളുടെ സ്വപ്നങ്ങൾക്ക് ചിറക് മുളക്കുന്ന മെട്രോ റെയിൽവേയ്ക്ക് വേണ്ടത് തൻറെ വീട് ഇരുന്ന് നാല് സെൻറ് സ്ഥലം . ആ അമ്മയുടെ ഹൃദയം വേദനകൊണ്ട് തകർന്നു . അവർ അങ്ങനെ തെരുവിൽ ആയി . ഇത് ആ മകളുടെ ഹൃദയത്തെ തകർത്തു . അവൾ മരണത്തിൻറെ വക്കിൽ എത്തി കഴിഞ്ഞു . ആ മകൾ മരിക്കുന്നതിനു തൊട്ടുമുമ്പ് ആയി പറഞ്ഞു അച്ഛനെ വെറുക്കരുത് അമ്മേ . ഇത് നമ്മുടെ വിധി . എന്തൊക്കെ കഴിഞ്ഞു എന്നിട്ടും ആ അമ്മയും മകളും മരണത്തിനു കീഴടങ്ങാതെ സ്വന്തം മകളെ ദഹിപ്പിക്കാൻ ഉള്ള സ്ഥലം അന്വേഷിച്ചു നടന്നു . അവൾ ഏറ്റവും ആഗ്രഹിച്ച സ്ഥലത്തുതന്നെ അവൾ അന്ത്യവിശ്രമം കൊണ്ടു . നല്ലൊരു ജീവിതത്തിൻറെ പ്രത്യാശയായി മക്കൾ ഉറങ്ങുന്ന മണ്ണിൽ പുതിയൊരു മാറ്റത്തിന് തുടക്കമാണ് എന്നോർത്ത് സന്തോഷിച്ചു . അവർ ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നു . തൻറെ ഭർത്താവിനെ അവർ

***കാത്തിരിക്കുന്നു . നല്ലൊരു നാളേക്ക് അവർ കാത്തിരിക്കുന്ന .***

***(ലക്ഷ്മി ആർഅനിൽ)***

# ഡിജിററൽ പൂക്കളം




*തയ്യാറാക്കിയത്: സന*



*തയ്യാറാക്കിയത്: കേശവ് എം*




*തയ്യാറാക്കിയത്: അതുൽ ദാസ്*



തയ്യാറാക്കിയത്: ഗോകുൽ


# കഥകളി



ദീർഘകാലത്തെ പരിശീലനം ആവശ്യമുള്ള ഒരു ശാസ്ത്രീയ കലാരൂപമാണ് കഥകളി. അനുഷ്ഠാന കലകളിലെ

പല അംശങ്ങളും സമന്വയിപ്പിച്ച് കൊട്ടാരക്കര തമ്പുരാൻ തുടങ്ങിവച്ച രാമനാട്ടമാണ് കഥകളിയായി പരിണമിച്ചത് എന്നാണ് ഗവേഷകർ പറയുന്നത്.

കഥകളിയിലെ കഥാപാത്രങ്ങൾ സംസാരിക്കാറില്ല. പശ്ചാത്തലത്തിലെ പാട്ടുകൾക്ക് അനുസരിച്ച് അഭിനയിക്കുന്നു. അതുകൊണ്ടുതന്നെ കഥകളി സംഗീതത്തിലെ സാഹിത്യത്തിനു വലിയ പ്രാധാന്യമുണ്ട്. ആട്ടക്കഥാസാഹിത്യം എന്നാണിത്. അറിയപ്പെടുന്നത്. ചെണ്ട, മദ്ദളം, ഇലത്താളം, ചേങ്ങില തുടങ്ങിയവയാണ് കഥകളിക്ക് ഉപയോഗിക്കുന്ന വാദ്യങ്ങൾ. മറ്റു നൃത്തരൂപങ്ങൾ എന്നപോലെതന്നെ കഥകളിയുടെയും അടിസ്ഥാനം ഭരതമുനിയുടെ നാട്യശാസ്ത്രം ആണ്. പക്ഷേ കഥകളിയിൽ ഉപയോഗിക്കുന്ന ഹസ്തമുദ്രകൾ ക്ക് അടിസ്ഥാനം ഹസ്തലക്ഷണ ദീപിക എന്ന പുരാതന ഗ്രന്ഥമാണ്. കഥകളിക്ക് അനേകം ചടങ്ങുകളുണ്ട്. കേളി, അരങ്ങുകേളി, തോടയം, വന്ദനശ്ലോകം, പുറപ്പാട്, വേദ പദം, കഥ അഭിനയം, ധനാശി എന്നിവയാണ് അവ.



# ജനറൽ നോളജ്

*ദത്തവകാശ നിരോധന നയത്തിലൂടെ ബ്രിട്ടീഷ് ഇന്ത്യയോട് കൂട്ടിച്ചേർത്ത നാട്ടുരാജ്യം?

: സത്താറ

*കേരളത്തിൽ കൂടുതൽ നെല്ല് ഉൽപാദിപ്പിക്കുന്ന ജില്ല ഏത്?

: പാലക്കാട്

*കൊച്ചി സർവ്വകലാശാലയുടെ ആസ്ഥാനം?

: കളമശ്ശേരി

*പാലിൽ അടങ്ങിയിരിക്കുന്ന പഞ്ചസാര ഏത്?

: ലാക്ടോസ്

*മഷികറ മായ്ക്കാൻ ഉപയോഗിക്കുന്ന ആസിഡ്?

: ഓക്സാലിക് ആസിഡ്

*കാർബൺ സംയുക്തങ്ങളെ കുറിച്ച് പഠിക്കുന്ന രസതന്ത്ര ശാഖ?

: ഓർഗാനിക് കെമിസ്ട്രി

*ഇന്ത്യൻ ജ്യോതി ശാസ്ത്രത്തിൻറെ പിതാവ്?

: ആര്യഭടൻ

*ഓട്ടൻതുള്ളൽ ഇൻറെ സ്ഥാപകൻ?

: കുഞ്ചൻ നമ്പ്യാർ

*കേരളത്തിൻറെ സാംസ്കാരിക തലസ്ഥാനം?

: തൃശ്ശൂർ

*പ്രേമസംഗീതം എന്ന കൃതിയുടെ രചയിതാവ്?

: ഉള്ളൂർ

*ഉപ്പ് നിയമ ലംഘനവുമായി ബന്ധപ്പെട്ട ഗാന്ധിജി നടത്തിയ യാത്രയുടെ പേര്?

: ദണ്ഡിയാത്ര

*ആധുനിക കാലത്തെ മഹാൽഭുതം എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് എന്തിനെയാണ്?

: ക്ഷേത്ര പ്രവേശന വിളംബരത്തെ

*ശ്രീലങ്കയുടെ ദേശീയ മൃഗം

: സിംഹം

*ഇന്ത്യയുടെ ദേശീയ നൃത്തരൂപം?

: ഭരതനാട്യം

*ഖസാക്കിൻറെ ഇതിഹാസം എന്ന കൃതി രജിച്ചതാര്?

: ഓവി വിജയൻ

*അവകാശികൾ എന്ന കൃതിയുടെ രചയിതാവ്?

: എംകെ മേനോൻ

ചുവടുകൾ

*ഏറ്റവും വലിയ ജ്ഞാനേന്ദ്രിയം?

: ത്വക്ക്

*ഏറ്റവും വലിയ ഗ്രന്ഥി?

: കരൾ

*ശുദ്ധരക്തം പ്രവഹിക്കുന്ന കുഴലുകൾ?

: സിരകൾ

# അബ്ദുൾ കലാമിൻറെ തങ്ക ലിപികൾ




* നിങ്ങൾക്ക് ഒരു സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെപ്പോലെ

ജ്വലിക്കുക

* സ്വപ്നം കാണുക ആ സ്വപ്നങ്ങളെ കുറിച്ച് ചിന്തിക്കുക, ആ ചിന്തകളെ പ്രവൃത്തിയിലൂടെ

സഫലമാക്കുക.

* ഒരു വ്യക്തിയെ പരാജയപ്പെടുത്താൻ വളരെ എളുപ്പമാണ് അയാളെ വിജയിപ്പിക്കുവാൻ

ആണ് പ്രയാസം .

* ഒരു രാഷ്ട്രത്തിലെ നല്ല തലച്ചോറുകൾ ഒരുപക്ഷേ ക്ലാസ് മുറികളിലെ അവസാന ബെഞ്ചുകളിൽ

ആയിരിക്കും

*വിജയം ആസ്വാദ്യകരം ആണെങ്കിൽ പ്രയാസം ആവശ്യമാണ്

(അബ്ദുൾ കലാം)

# 20 ഗുണങ്ങൾ




ശരീരത്തിന് ഭംഗിയും ആരോഗ്യവും ഉണ്ടാക്കുന്നതിന് ശരിയായ ആഹാരക്രമം മാത്രമല്ല വ്യായാമവും വളരെ ആവശ്യമാണ്. ഭക്ഷണകാര്യത്തിൽ കൃത്യത കാണിക്കുന്ന പലരും പക്ഷേ വ്യായാമത്തിന് കാര്യത്തിൽ അവഗണന കാണിക്കാറുണ്ട്. ശരീരത്തെയും മനസ്സിനെയും ആരോഗ്യത്തിന് ആഹാരം പോലെ തന്നെ വ്യായാമവും ദിനചര്യ ങ്ങളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

ശരീരത്തിന് രൂപം നൽകുന്നതിലും ആരോഗ്യം നിലനിർത്തുന്നതിലും വ്യായാമത്തിന് റെ പങ്ക് വളരെ വലുത് ആണ് . വ്യായാമം വേണ്ടി മാത്രമല്ല വ്യായാമം ശീലമാക്കുന്നത് അസുഖങ്ങൾ ഭേദമാക്കാനും സഹായിക്കും യോഗ പോലുള്ള വ്യായാമങ്ങൾ മനസ്സിൻറെ ആരോഗ്യം ഉദ്ദേശിച്ചിട്ടുള്ളതാണ്. നമ്മുടെ ആരോഗ്യം നിലനിർത്താൻ വ്യായാമം ഒരു ശീലമാക്കണം.

# മിക്സഡ് വെജിററബിൾ സാലഡ്

വെറും 5 മിനിറ്റിനുള്ളിൽ ഹെൽത്തി യും രുചികരവുമായ മിക്സഡ് വെജിറ്റബിൾ സാലഡ് തയ്യാറാക്കാം.



ചേരുവകൾ:

ബീൻസ് - 50 ഗ്രാം

ക്യാരറ്റ്- മൂന്ന് നാല് എണ്ണം

ക്യാബേജ്- ചെറുത് ഒരെണ്ണം

ബ്രോക്കോളി- 100 ഗ്രാം

ക്യാപ്സിക്കം- ഒന്ന്

കറിവേപ്പില , ഉപ്പ്- ആവശ്യത്തിന്

തക്കാളി- നേരിയതായി വട്ടത്തിൽ അരിഞ്ഞത് ഒരെണ്ണം

പച്ചമുളക്- രണ്ടെണ്ണം നീളത്തിൽ അരിഞ്ഞത്

നാരങ്ങ വെള്ളം- ഒരു ഗ്ലാസ്

കുരുമുളകപൊടി- ആവശ്യത്തിന്


തയ്യാറാക്കുന്ന വിധം:

പച്ചക്കറികളെല്ലാം നുറുക്കി നന്നായി വേവിക്കുക. എന്നിട്ട് തക്കാളി, ഉപ്പ്, കറിവേപ്പില, പച്ചമുളക്, കുരുമുളകപൊടി, നാരങ്ങാനീര് എന്നിവ

ചുവടുകൾ

ചേർക്കുക. കറിവേപ്പില ഇട്ട് അലങ്കരിച്ച് വയ്ക്കുക. പോഷക സമ്പുഷ്ടമായ വെജിറ്റബിൾ മിക്സഡ് സലാഡ് തയ്യാർ.

# മഹാത്മാ ഗാന്ധി



ഇന്ത്യയിലേക്ക് മടങ്ങിയ ഗാന്ധി 1915 ജനുവരി 9 ന് മുംബൈ തുറമുഖത്ത് കപ്പലിറങ്ങി .ഈ ദിനത്തിന്റെ ഓർമക്കായിട്ടാണ് 2003 മുതൽ ജനുവരി 9 ഭാരത സർക്കാർ പ്രവാസി ദിനമായി ആചരിക്കാൻ തുടങ്ങിയത്. കാര്യങ്ങൾ നേരിട്ട് പഠിക്കാനായി അദ്ദേഹം ഇന്ത്യ മുഴുവനും സഞ്ചരിച്ചു. അന്ന് ഇൻഡ്യൻ ദേശീയതയുടെ നായകരായിരുന്ന നേതാക്കന്മാരെയെല്ലാം സന്ദർശിച്ചു. ദക്ഷിണാഫ്രിക്കയിലെ ഫീനിക്സ് ആശ്രമത്തിൽ നിന്നും വന്ന വിദ്യാർത്ഥികളെ അക്കാലത്ത് രവീന്ദ്രനാഥ ടാഗോർ ശാന്തിനികേതനിലേയ്ക്ക് ക്ഷണിക്കുകയുണ്ടായി. അങ്ങനെയാണ് ഗാന്ധിജിയും ടാഗോറും പരിചയപ്പെടുന്നത്. മരിക്കുവോളം നീണ്ട ഒരു സുഹൃദ്ബന്ധത്തിന്റെ തുടക്കമായിരുന്നു അത്. അഹമ്മദാബാദിലെ കൊച്ച്റാബിൽ 1915 മേയ് 25-ന് അദ്ദേഹം സത്യാഗ്രഹാശ്രമം സ്ഥാപിച്ചു. ജനസേവനത്തിന് ആത്മസമർപ്പണം ചെയ്യുന്നവർ അഹിംസ, സത്യം, അസ്തേയം, അപരിഗ്രഹം, ബ്രഹ്മചര്യം എന്നിവ നിഷ്ഠയോടെ ആചരിക്കണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചു. സ്വയം നൂൽ നൂറ്റുകൊണ്ട് വസ്ത്രമുണ്ടാക്കുക എന്ന അടിസ്ഥാനത്തിലുള്ള ഖാദി പ്രസ്ഥാനത്തിന് അദ്ദേഹം രൂപം നൽകി. 1917 ഏപ്രിൽ 16-ന് ചമ്പാരൻ ജില്ലയിൽ തോട്ടം തൊഴിലാളികളെ ബ്രിട്ടീഷ് കരാർ വ്യവസ്ഥയനുസരിച്ചുള്ള അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാൻ വേണ്ടി നടത്തിയ സമരത്തിൽ ഗാന്ധി ഇന്ത്യയിൽ വച്ച് ആദ്യമായി അറസ്റ്റ് വരിച്ചു. പിന്നീട് 1917-1918 കാലത്ത് അദ്ദേഹത്തിന്റെ ശ്രമഫലമായി ഗുജറാത്തിലെ ഘേഡ കർഷക സമരം, അഹമ്മദാബാദിലെ തൊഴിൽ പ്രശ്നം തുടങ്ങിയവ ഒത്തു തീർപ്പാക്കി. 1917 ജൂണിൽ സത്യാഗ്രഹാശ്രമം സബർമതി യിലേക്ക് മാറ്റി. പിന്നീട് ഇത് സബർമതി ആശ്രമം എന്ന് അറിയപ്പെടാൻ തുടങ്ങി. അക്കാലത്ത് ടാഗോർ ആയിരുന്ന

ഗാന്ധിജിയെ ആദ്യമായി മഹാത്മാ എന്ന് വിശേഷിപ്പിച്ചത്. ഒന്നാം ലോകമഹായുദ്ധം നടക്കുന്ന സമയമായിരുന്നു അത്. യുദ്ധത്തിനു ശേഷമെങ്കിലും ബ്രിട്ടിഷുകാരുടെ നയത്തിന് മാറ്റമുണ്ടാവുമെന്ന് എല്ലാവരും കരുതിയെങ്കിലും ആ പ്രതീക്ഷ സഫലമായില്ല. ഇന്ത്യയിലങ്ങോളമിങ്ങോളം പ്രതിഷേധസമരങ്ങൾ ശക്തമായിത്തീർന്നു. ഇതിനകം ഗാന്ധിജിയെ നേതാവായി മറ്റു നേതാക്കൾ അംഗീകരിച്ചു തുടങ്ങിയിരുന്നു. ദക്ഷിണാഫ്രിക്കയിൽ അദ്ദേഹം നടത്തിയ സമരങ്ങളും അതിന് കാരണമായിരുന്നു.

# വേനലിൻ, ഒരു പുഴ




പാലത്തിൻറെ കാമനകൾക്ക് നടുവിൽ

ചലനം നിലച്ച തീവണ്ടി

ചുവട്ടിൽ

വേനലിലെ പുഴ

മണൽപ്പരപ്പിൽ നിന്നും കുറുകെ

ക്ഷീണിതനായ

ആട്ടിടയൻ

ഏൾ നാമ്പുകൾ കാർന്നു കൊണ്ട്

ചിതറിയ ആട്ടിൻപറ്റം

ഇളകുന്ന കാശ് പുതുമ്പി മേൽ

ഏകാകിയായ ഒരു

കറുത്ത പക്ഷി

(ഹന്ന നെസ്രീൻ)




# നന്ദി